LIBRARY ARCHIVES Kerala Legislative Assembly

വനം വകുപ്പിന്റെ ഒലവക്കോടുള്ള സ്ട്രോങ്ങ് റൂമിൽ സൂക്ഷിച്ചിരുന്ന ആനക്കൊമ്പുകളും ചന്ദനത്തടികളും കവർച്ച

125 [2999] ശ്രീ. എ. കെ. ബാലൻ:

„ എം. വി. ജയരാജൻ:

„ കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന്റെ ഒലവക്കോട്ടുള്ള സ്ട്രോങ്റൂമിൽ സൂക്ഷിച്ചിരുന്ന ലക്ഷക്കണക്കിന് രൂപയുടെ ആനക്കൊമ്പുകളും ചന്ദനത്തടികളും കവർച്ച ചെയ്ത കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കേസിന്റെ ഭാഗമായി വനം വകുപ്പിലെ ഏതെല്ലാം ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; ഏതെല്ലാം ജീവനക്കാരെ ചോദ്യം ചെയ്തിട്ടുണ്ട്;;

(സി) കേസിൽ ആരോപണ വിധേയരായ വനംവകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെ ശുപാർശ അനുസരിച്ചാണ് ഇവരെ തിരികെ പ്രവേശിപ്പിച്ചതെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കേസ് സി.ബി.ഐ.-യ്ക്ക് വിടുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേസിന്റെ അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ട്.

(ബി) വനം വകുപ്പിലെ താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ തുടർ അന്വേഷണങ്ങൾക്കും അച്ചടക്ക നടപടികൾക്കും വിധേയമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്.

1. ശ്രീ. ബാബു ബോണവെഞ്ചർ, ഡി.എഫ്.ഒ.
2. ,, ഷംസുൽഹുദ, ഡി.എഫ്.ഒ.
3. ,, കെ. എ. അബ്ദുൾ റഹ്മാൻ, റെയിഞ്ചോഫീസർ
4. ,, എൻ. ആർ. റാംമോഹൻ, റെയിഞ്ചോഫീസർ
5. ,, എസ്. ഉണ്ണിക്കൃഷ്ണൻ, റെയിഞ്ചോഫീസർ
6. ,, സി. റ്റി. ജോജു, റെയിഞ്ചോഫീസർ
7. ,, എം. അബ്ദുൾ സലാം, റെയിഞ്ചോഫീസർ
8. ,, കെ. സുരേന്ദ്രനാഥ്, റെയിഞ്ചോഫീസർ
9. ,, പി. ജയപ്രകാശ്, റെയിഞ്ചോഫീസർ
10. ,, പി. എം. വേലായുധൻ, ഫോറസ്റ്റർ
11. ,, പി. വി. മാധവൻ, ഫോറസ്റ്റർ
12. ,, പി. കെ. ജിജി, ഫോറസ്റ്റ് ഗാർഡ്

അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തു പരിശോധന നടത്തിവരുന്നു. ഏതെല്ലാം ജീവനക്കാരെ ചോദ്യം ചെയ്തിട്ടുണ്ട് എന്ന് വിവരം ലഭ്യമല്ല.

(സി) സസ്പെൻഷനിലായിരുന്ന ശ്രീ. പി. വി. മാധവൻ, ശ്രീ. പി. എം. വേലായുധൻ എന്നീ ഫോറസ്റ്റർമാരുടെ നിവേദനങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കുവാൻ ബഹു. ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചതിനെത്തുടർന്ന് പ്രസ്തുത ഫോറസ്റ്റർമാരെ അച്ചടക്ക നടപടികൾക്കും തുടർ അന്വേഷണങ്ങൾക്കും വിധേയമായി അന്വേഷണം തീരുന്നതുവരെ പാലക്കാട് ജില്ലയ്ക്കു പുറത്ത് നിയമിക്കണം എന്ന നിബന്ധനയോടും കൂടി സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചിട്ടുണ്ട്. കേസ് അന്വേഷിച്ചുവന്നിരുന്ന ക്രൈംബ്രാഞ്ച് പോലീസിന്റെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് ഇവരെ സർവ്വീസിൽ തിരികെ പ്രവേശിപ്പിച്ചത്.

(ഡി) കേസ് അന്വേഷണം സി.ബി.ഐ. ഏറ്റെടുത്തിട്ടുണ്ട്.

വരൾച്ച മൂലം വനത്തിൽ ചത്തൊടുങ്ങിയ മൃഗങ്ങൾ

126 [3000] ശ്രീ. തോമസ് ഉണ്ണിയാടൻ:

" ജോസഫ് എം. പുതുശ്ശേരി:

" സ്റ്റീഫൻ ജോർജ്ജ്:

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ഉണ്ടായ അതിരൂക്ഷമായ കൊടും വരൾച്ചയിൽ തീറ്റയും കുടിവെള്ളവും ലഭിക്കാതെ വന്യമൃഗങ്ങൾ ചത്തൊടുങ്ങിയിട്ടുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വനമേഖലകളിൽ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട മൃഗങ്ങളാണ് ചത്തൊടുങ്ങിയതെന്നും എത്രയെന്നും വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കുടിവെള്ളം ലഭിക്കാതെ വന്യമൃഗങ്ങൾ വനത്തിനുള്ളിൽ ചത്തൊടുങ്ങാതിരിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) വന്യജീവിമേഖലകളിലും കുടിവെള്ള ലഭ്യത കുറവായ കാട്ടുപ്രദേശങ്ങളിലും കാട്ടുമൃഗങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കുംവിധമുള്ള ജലസംഭരണികളോ ചെറുതടാകങ്ങളോ ഉണ്ടാക്കുവാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തൃശ്ശൂർ സർക്കിളിന്റെ കീഴിൽ വരുന്ന വനപ്രദേശത്ത് മാൻ, മ്ലാവ് ഇനത്തിൽപ്പെട്ട 5 മൃഗങ്ങളും, പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിന്റെ കീഴിൽ വരുന്ന വനപ്രദേശത്ത് 9 ആനയും 12 കാട്ടുപോത്ത്, 1 മാൻ എന്നീ ഇനത്തിൽപ്പെട്ട മൃഗങ്ങളും, കോഴിക്കോട് സർക്കിളിന്റെ കീഴിൽ വരുന്ന വനപ്രദേശത്ത് 3 കാട്ടുപോത്തുകളും 2 ആനകളും അഗസ്ത്യ വനം ഇക്കോളജിക്കൽ പാർക്ക് സർക്കിളിന്റെ കീഴിൽ വരുന്ന വനപ്രദേശത്ത് 3 ആനകളും ചത്തൊടുങ്ങിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly